"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭാ ജനപ്രതിനിധിയായ ശ്രീ. കക്കാടൻ റഹീമിന് ചികിത്സ ഇനത്തിൽ ചെലവായ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2457/2024/LSGD തീയതി,തിരുവനന്തപുരം, 13-12-2024

---

പരാമർശം:-

1. നിലമ്പൂർ നഗരസഭാ കൌൺസിലിന്റെ 25.09.2024 ലെ യോഗത്തിലെ 19(12) നമ്പർ തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.11.2024 തീയതിയിലെ LSGD/PD/39040/2024-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം, നിലമ്പൂർ നഗരസഭ ജനപ്രതിനിധിയായ ശ്രീ. കക്കാടൻ റഹീമിന് കോഴിക്കോട് ഇഖ്റ ഹോസ്പിറ്റലിൽ കിഡ്നിമാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയനായതിൽ ചെലവായ തുകയായ 4,32,511/- രൂപ ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം നഗരസഭാ തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. മലപ്പുറം, നിലമ്പൂർ നഗരസഭ ജനപ്രതിനിധിയായ ശ്രീ. കക്കാടൻ റഹീം എന്നവരുടെ ചികിത്സ ഇനത്തിൽ 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ) ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ നിലമ്പൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

ചെയർമാൻ/സെക്രട്ടറി, നിലമ്പൂർ നഗരസഭ, മലപ്പുറം.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/177/2024-LSGD].

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 17-12-2024 09:00:02
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ യ്ക്ക്.